# GHSS THAZHAVA



# അങ്കുരം

# ആശംസ



ഗവ.എച്ച് .എസ്.എസ്.തഴവയിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനാണ് **അങ്കുരം**.ലഹരിയും മൊബൈൽഫോണും കുട്ടികളുടെ ജീവിതത്തെ കാർന്നു തിന്നുന്ന ഈ കാലത്ത് കുട്ടികളുടെ സർഗാത്മക കഴിവുകളെ വികസിപ്പിച്ച്കൊണ്ടുള്ള ഈ ഉദ്യമത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

- ബിന്ദു .റ്റി (ഹെഡ്മിസ്ട്രസ്)

# EDITORIAL BOARD

BINDU T ( HEADMISTRESS )
BINEESH BABU G ( MEMBER OF LITTLE KITE )
MUHAMMED ZYNAL BIN AZIM (MEMBER OF LITTLE KITE )
VAISHNAVI S ( MEMBER OF LITTLE KITE )
SUMAYYA S ( MEMBER OF LITTLE KITE )
KRISHNENDU S ( MEMBER OF LITTLE KITE )
SAHEERA BEEVI H ( KITE MISTRESS )
RESMI G ( KITE MISTRESS )

# മുഖമൊഴി

പുതുവർഷം ( കവിത )

ഓച്ചിറക്കളി (ലേഖനം )

സൗഹൃദപീലികൾ (കവിത )

പൂമ്പാറ്റ (കവിത )

മരം (കവിത )

എന്റെ വിദ്യാലയം (കവിത )

മഴ മാപിനി (ലേഖനം )

ഓർമ്മയിലെ ഓണം ( കവിത )

അമ്മ മനസ്സ് ( കഥ )

ഒരു മഴത്തുള്ളി ( കവിത )

വായനയുടെ ആനന്ദം (ലേഖനം )

ശൈലികൾ

കുളിർമഴ ( കവിത )

ഐസക് ന്യൂട്ടൺ

# പുതുവർഷം

പുതുവർഷത്തിൽ പുലരിയെ വീണ്ടും
പുളകത്താലെ വരവേൽക്കാം
പുത്തൻ കവിതകൾ,പാഠം വീണ്ടും
പുഞ്ചിരിയാലെ എതിരേൽക്കാം
ഒരുനറുമലരിൽ ജീവിതവഴിയിൽ
ഒരുമയിൽ നിൽക്കാം മുന്നേറാം
സുഖകരമീയുഗസന്ദേശങ്ങൾ
ആശംസകളായ് മാറ്റിടാം



പ്രത്യുഷ്
**8 B**

# ഓച്ചിറക്കളി

കായംകുളം രാജാവും ദേശിംഗനാട് രാജാവും തമ്മിൽ നടന്ന യുദ്ധത്തിൻെറ്റ ഓർമ്മ പുതുക്കലാണ് ഓച്ചിറക്കളിയുടെ ചരിത്രം.വർഷം തോറും മിഥുനമാസം ഒന്നും രണ്ടും തീയതികളിലാണ്  ഓച്ചിറക്കളി നടക്കുന്നത്.ഓച്ചിറ പടനിലം എന്ന പേരുണ്ടായതും ഇതിൽ നിന്നാണെന്ന് കരുതാം.ഓണാട്ടുകര കാർഷികവൃത്തിയുടെ നാടായതിനാൽ ഓച്ചിറക്കളിയ്ക്ക് ശേഷം മിഥുനം മൂന്ന്,നാല്,അഞ്ച് തീയതികളിൽ ഓച്ചിറപടനിലത്ത് കാലിച്ചന്ത നടത്താറുണ്ടായിരുന്നു.

വൃശ്ചികമാസത്തിലെ ആദ്യത്തെ പന്ത്രണ്ട് ദിവസം വൃശ്ചികവിളക്ക് മഹോത്സവം എന്ന പേരിൽ അറിയപ്പെടുന്നു. ഓച്ചിറയിലെ മറ്റൊരു ഉത്സവമാണ്

ഇരുപത്തെട്ടാം ഓണം.വിളവെടുപ്പിന് ശേഷം കർഷകരുടെ അറയും മനസും നിറഞ്ഞ് നിന്ന കാലഘട്ടത്തെ ഓർമ്മിപ്പിക്കുന്നതാണ് കാളകെട്ട് ഉത്സവം. ഓണാട്ടുകരയുടെ അൻപത്തിരണ്ട് കരകളിൽ നിന്നും ഇരുന്നൂറിലധികം കാളകളെ അണിനിരത്തും.ദക്ഷിണകേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമായി ലക്ഷക്കണക്കിന് ഭക്തർ വർഷം തോറും ഇവിടെ എത്തിച്ചേരുന്നു.



# സൗഹൃദ പീലിയിൽ

വിജനമാം പാതയിൽ
വിധിതൻ രേഖയിൽ
അരുണ ബിന്ദുക്കളായ് പൂവിട്ട സൗഹൃദം
ഹൃദയത്തിനിതളിൽ
സ്മൃതി  നിറച്ചു
കൊഴിയും
സുദിനങ്ങൾ
സ്നേഹം
ചൊരിയവേ....
പൂക്കളായ്
രാവിൽ



ഇതൾ പടർന്നു
അറിവിനം ഗദ്ഗദം
നീയാർത്തറിയവേ
ഞാനും ആ വഴി വ്യതിചലിച്ചു

അറിവും വിവേകവും നമ്മളിലുദിച്ചു
സ്വാർഥ മോഹങ്ങളെ
കാറ്റിൽ പടർത്തി
പുത്തനുഷസ്സിൽ പ്രതീകമായി നമ്മൾ
സ്മൃതിയിലലിഞ്ഞു ഞാൻ
അറിയുമീ സുദിനങ്ങൾ
എൻ ജീവിതത്തിൽ
പാഠങ്ങളല്ലോ
നിനച്ചിരിക്കാത്തൊരാ നേരത്തു
നമ്മളിൽ
സൗഹൃദ രശ്മിയിൽ
ചിമ്മിയണഞ്ഞു
രാവിൽ നിലാവ് പോൽ ഈ നേരമത്രയും
നിൻ സ്മൃതി വൈഭവം
ഞാനടുത്തറിയവേ
സൗഹൃദ പീലികൾ
നിർത്തുവാൻ മടിക്കുന്നു എൻ ഹൃദയം

# പൂമ്പാറ്റ



പുള്ളിയുടുപ്പിട്ട പൂമ്പാറ്റ
വർണ്ണച്ചിറകുള്ള
പൂമ്പാറ്റ
സ്വർണ്ണനിറമുള്ള
പൂമ്പാറ്റ
പാറിപ്പറക്കുന്നപൂമ്പാറ്റ

പൂക്കൾതോറും പൂന്തേനുണ്ണാൻ
പാറിവരുന്നൊരുപൂമ്പാറ്റ
തേൻനുകരാനായ്ഓടിയെത്തും
കൂട്ടുകാർക്കെന്നും കൗതുകമായ്
പൂന്തോട്ടത്തിൽകാവൽക്കാരനായ്
പാറിപ്പറക്കും പൂമ്പാറ്റ

# മരം

ഒരു കുഞ്ഞ് വിത്തായി ഞാൻ മണ്ണിൽ പതിച്ചു
പൂമഴയിൽ ഞാനൊരു

തൈയ്യായിമാറി
ഓരോരോ ദിനവും
കൊഴിഞ്ഞു
പോകുമ്പോഴും
ഓരോ വയസ്സും
കൂടിയെനിയ്ക്ക്
പൂവും കായും എന്നെ
മാലാഖയാക്കി
പൂക്കാറ്റ് എന്നെ താലോലമാട്ടി
കിളിയും പുഴുക്കളും കൂട്ടുകാരായി
ഭൂമിതൻ മാറിൽ ഞാൻ ചേർന്നുമയങ്ങുമ്പോൾ
പാവം കിളികൾക്ക് വീടായി മാറും
സ്വാർത്ഥ മനുഷ്യൻ എന്നെ വെട്ടിതകർത്തു
മരണമാംവിധി എന്നെ ഇല്ലാതെയാക്കി.

# എന്റെ വിദ്യാലയം

ആദ്യമായ് വിദ്യാലയത്തിൽ
പടിക്കലായ്
ഒറ്റയ്ക്ക് നിന്നൊരാ കാലമിന്നു
ഓർക്കുന്നു
മായാത്ത
വേദന
തന്നൊരാ
ആദ്യ വിദ്യാലയ
കാലമിന്നും



പുത്തനുടുപ്പില്ല പുത്തൻ കുടയില്ല കൂടെ
കളിക്കുവാനാരുമില്ല
അപ്പോഴെൻ തോളത്ത് എവിടെ
നിന്നൊരു കരം സ്പർശിച്ചതായി
തോന്നി ഞെട്ടിത്തെറിച്ചു ഞാൻ മെല്ലെ
തിരിയവെ ഒന്നല്ല രണ്ടല്ല മൂന്നു
വിദ്യർത്ഥികൾ എന്നെ നോക്കിക്കൊണ്ടു
പുഞ്ചിരിച്ചു.
സ്നേഹത്തോടവരെന്റെ കയ്യിൽ
പിടിച്ചിട്ട്
ചോദിച്ചു പോരുന്നോ സോദരി
നീ ..............

# മഴ മാപിനി

മഴ അളക്കുന്ന ഉപകരണത്തെ മഴമാപിനിയെന്നു വിളിക്കുന്നു.മഴ അളക്കുന്നത് മില്ലീമീറ്റർ,സെന്റീമീറ്റർ തുടങ്ങിയ യൂണിറ്റുകൾ ഉപയോഗിച്ചാണ്.ഒരിടത്ത് പെയ്യുന്ന മഴ ഒഴുകിപോകാതെയും ബാഷ്പീകരിക്കാതെയും വീണിടത്തുതന്നെ നിൽക്കുകയാണെങ്കിൽ എത്ര ഉയരത്തിൽ വെള്ളം പൊങ്ങുമെന്നതിന്റെ കണക്കാണിത്.മഴയുടെ അളവിനെ ആ സ്ഥലത്തിന്റെ വിസ്തീർണ്ണം കൊണ്ട് ഗുണിച്ചാൽ മഴവഴി ലഭിച്ച ജലത്തിന്റെ വ്യാപ്തം കണക്കാക്കാം.



# ഓർമ്മയിലെ ഓണം

ഓണനിലാവിന്റെ തോണിയിലേറി ഞാൻ
ഓർമ്മതൻ ഓണക്കടവിലെത്തി
ചാണകം പൂകിയ മുറ്റത്തുനിന്നൊരാ
തൃക്കാക്കരയപ്പൻ പുഞ്ചിരിച്ചു.
തുമ്പയും പിച്ചിയും ചെമ്പകവും
ചേർന്ന് ഓർമ്മതൻ പൂക്കളം പൂർത്തിയാക്കി.
വേലിതന്നപ്പുറം നിന്നൊരാമുക്കുറ്റി
പൊന്നോണപ്പാട്ടുകൾ ഏറ്റുപാടി
മുറ്റത്തെ തേൻമാവിൻ ചാഞ്ഞൊരാ
കൊമ്പിൻമേൽ
ഓർമ്മകൾ ഊഞ്ഞാലുകെട്ടിയാടി
പച്ചടി കിച്ചടി സാമ്പാറുമോലനും
ഓണവിഭവങ്ങൾ സമൃദ്ധമാക്കി
തൂശനിലയിലെ കുത്തരിച്ചോറിന്റെ
സ്വാദെന്റെ നാവിൽ പെയ്തിറങ്ങി
നൻമ നിറഞ്ഞൊരാ മാവേലിമന്നന്റെ
ഓർമ്മയിലെൻ മനം കുളിരണിഞ്ഞു.
ഓർമ്മകൾ മനസ്സിന്റെ തേങ്ങലായ് വെച്ചു ഞാൻ
തിരികെയീ ലോകത്തുവന്നുചേർന്നു
അന്യദേശത്തുനിന്നെത്തുമീ ഓണത്തെ
കണ്ടെന്റെ കണ്ണുകൾ ഈറനായി

# അമ്മ മനസ്

പണ്ട് പണ്ട് ഒരു അമ്മയും അച്ഛനും രണ്ട് മക്കളും ജീവിച്ചിരുന്നു. അവർ നല്ല സന്തോഷത്തോടെ ജീവിച്ചുവരുകയായിരുന്നു.
അങ്ങനെയിരിക്കെ കുട്ടികളുടെ അച്ഛൻ ഒരു വണ്ടി അപകടത്തിൽ മരിച്ചു. ആ അമ്മ അച്ഛൻ പോയതിന്റെ വേദന മക്കളെ അറിയിച്ചില്ല. അമ്മ മക്കളെ നല്ലതുപോലെ പഠിപ്പിച്ച് വളർത്തി.മക്കൾ അറിഞ്ഞിരുന്നില്ല അമ്മ  കഷ്ടപ്പെട്ടാണ് അവരെ വളർത്തുന്നതെന്ന്
അങ്ങനെ കുറെ വർഷങ്ങൾക്കുശേഷം മക്കൾ വളർന്നു .ഒരാൾക്ക് പട്ടാളത്തിൽ പോകണം എന്നാണ്  ആഗ്രഹം. ഈ ആഗ്രഹം അമ്മയുടെ എടുത്ത്പറഞ്ഞു. അമ്മ ആഗ്രഹം സാധിച്ചുകൊടുക്കാമെന്ന് വാക്കുകൊടുത്തു.
അങ്ങനെ ആ അമ്മ. മകളുടെ വിവാഹം കഴിഞ്ഞതോടെ അവൾ വിദേശത്തേക്ക് പണമൊപ്പിച്ച് മകനെ പട്ടാളത്തിൽ അയച്ചു. ഈ പണം എങ്ങനെ കിട്ടിയതാണെന്ന് മകൻ ചോദിച്ചതേയില്ല. അങ്ങനെ രണ്ട് കൊല്ലം കഴിഞ്ഞ് മകളുടെ വിവാഹവും നടന്നു. മകളുടെ വിവാഹം കഴിഞ്ഞതോടെ അവൾ വിദേശത്തേക്ക്  പോയി ഇതോടെ അമ്മ വീട്ടിൽ തനിച്ചായി.

അങ്ങനെയിരിക്കെ മകന്റെ വിവാഹവുംകഴിഞ്ഞു. വിവാഹശേഷം മകൻ പട്ടാളത്തിലേക്ക് മടങ്ങിപ്പോയപ്പോൾ മരുമകളെക്കൂടി കൊണ്ടുപോയതിനാൽ അമ്മ വീട്ടിൽ വീണ്ടും തനിച്ചായി. അങ്ങനെ മകനും മകളും അവരവരുടെ ജോലി തിരക്കിലായപ്പോൾ  ആ അമ്മയെ കാണാൻവരാതായി.മകനും മകളും വരാത്തതിൽ അമ്മയ്ക്ക്  വളരയധികം സങ്കടംതോന്നി. എങ്കിലും ആ അമ്മ മക്കൾക്ക്           വേണ്ടി  പ്രതീക്ഷയോടെ കാത്തിരുന്നു.



അഞ്ചിമ
എസ്
ബാബു
9 D

# ഒരു മഴത്തുള്ളി

ആരും അറിഞ്ഞില്ല അവളുടെ നിലവിളി
ഒരു പൂവായി വിരിഞ്ഞ് ആകാശത്തിനു താഴെ
സ്നേഹബന്ധത്തിന്റെ ആഴത്തിൽ
മണ്ണിൽ ഉറച്ചു നിന്നു
എന്നാൽ കഴുകൻ കൊത്തിയെടുതതത്
പറന്നതിനിടയിൽ
കൊഴിഞ്ഞുപോയ ഇതളുകൾ
ഒരു മഴത്തുള്ളിയേപ്പോലെ ഭൂമിയെ നോവിച്ചു
ഒരു പൂവായി വിരിഞ്ഞ് കൊഴിഞ്ഞ
അവളുടെ ജീവിതചക്രം
ഒരു കാലവർഷത്തിനു നടുവിൽ
കത്തിജ്ജ്വലിച്ചു
എന്നാൽ ഒരു കർക്കടക കാറ്റിൽ അതു അണഞ്ഞു
ചിലരുടെ കളിയാക്കലിൽ അവളുടെ സ്വപ്നങ്ങൾ
ഒരു മഴത്തുള്ളി എന്നതുപോലെ അവളെ നനയിച്ചു.



# വായനയുടെ

# ആനന്ദം

"വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും" എന്ന കുഞ്ഞുണ്ണിമാഷിന്റെ അഭിപ്രായം തികച്ചും അർത്ഥവത്താണ്. നല്ല വളർച്ചയ്ക്ക് നല്ല വായന അത്യാവശ്യമാണ്. വായന വിജ്ഞാനം പ്രദാനം ചെയ്യുന്നു.ഏറ്റവും വിലകുറഞ്ഞതും വ്യക്തിത്വവികാസത്തിന് ഉതകുന്നതുമായ ഒരു വിനോദമാണ് വായന.

പുസ്തകങ്ങൾ നമ്മുടെ ഏറ്റവും നല്ല ചങ്ങാതിമാരാണ്.നല്ല നല്ല പുസ്തകങ്ങൾ എപ്പോഴും കയ്യിൽ സൂക്ഷിച്ചാൽ ഗുണങ്ങൾ ഏറെയാണ്.

ഒരു പുസ്തകം വായിക്കുമ്പോൾ അതിൽ ഗ്രന്ഥകർത്താവിനോട് സംസാരിക്കുന്നതുപോലെ നമുക്ക് തോന്നണം. സങ്കൽപത്തിൽ കൂടി അദ്ദേഹവുമായി ഒരു സംഭാഷണം നമുക്ക് നടത്താം.അങ്ങനെ ഈ ചുറ്റുപാടിൽ നിന്നും മറ്റൊരു അന്തരീക്ഷത്തിലേക്ക് നമുക്ക് അൽപനേരം മാറിനിൽക്കാൻ കഴിയും. ധാരാളം പുസ്തകമുള്ള ഒരാൾ ഒരിക്കലും ഏകാകിയായി ഇരിക്കില്ല.ഒരു പുസ്തകം വായിച്ചുകൊണ്ടിരിക്കുമ്പോൾ അതിൽ പ്രതിപാദിക്കുന്ന സംഭവങ്ങളിൽ നമ്മളും പങ്കെടുക്കുന്നു.

കഥാപുസ്തകങ്ങൾ വായിക്കുമ്പോൾ കഥ പറയുന്ന ആ ഭൂതകാലത്തിലേക്ക് പുസ്തകത്തിൽ കൂടി നമുക്ക് നേരിട്ട് കാണാം. അവരുമായി സംഭാഷണം നടത്താം. ഒരു നോവലിൽ ധാരാളം കഥാപാത്രങ്ങളുണ്ടായിരിക്കും. അതിൽ ചില കഥാപാത്രങ്ങൾ നാം തന്നെയാണെന്ന് തോന്നും. അങ്ങനെ ഒരു അനുഭവ പ്രതീതി ഉണ്ടാക്കാം. നാം അനുഭവിച്ച ആ കഥ ഒരിക്കലും മറക്കില്ല.

പുസ്തകങ്ങൾ രാജ്യക്കാരെയും പല സമൂഹങ്ങളേയും പറ്റിയുള്ളതാണ്. ആ സമൂഹങ്ങളേയും രാജ്യങ്ങളേയും നമുക്ക് പരിചയപ്പെടാനും അറിവ് വർദ്ധിപ്പിക്കാനും കഴിയും

അതായത് ഈ ലോകം മുഴുവൻ സഞ്ചരിക്കാനും വിവിധ സംസ്കാരങ്ങൾ പരിചയപ്പെടാനും നമുക്ക് സൗകര്യം കിട്ടുന്നു എന്നർത്ഥം. എല്ലാ വീട്ടിലും ഒരു ഗ്രന്ഥശാല ആവശ്യമാണ്. ഇഷ്ടപ്പെട്ട പുസ്തകങ്ങൾ വാങ്ങി സൂക്ഷിക്കാൻ കഴിയുമെങ്കിൽ നമുക്ക് മാത്രമല്ല നമ്മുടെ പിൻതലമുറയ്ക്കും അത്യന്തം ഉപകാരപ്രദമാണ് . ഓരോ ഗ്രന്ഥവും ഓരോ സന്ദേശം കൈമാറുന്നുണ്ട്. സമൂഹത്തിന്റെ വളർച്ചയിൽ വളരെ പ്രധാനമായ ഒരു പങ്കാണ് പുസ്തകങ്ങൾ വഹിച്ചിട്ടുള്ളത് . ഒരർത്ഥത്തിൽ പറഞ്ഞാൽ നമ്മുടെ ജീവിതം രൂപപ്പെടുത്തുന്ന മാതാപിതാക്കൾ പുസ്തകങ്ങൾ തന്നെ.

# ശൈലികൾ

1.അകത്തു കത്തിയും പുറത്തു പത്തിയും
(അകവും പുറവും ഒരുപോലെ ദുഷ്ടത
നിറഞ്ഞ ആൾ)
2.അൽപനർത്ഥം കിട്ടിയാൽ
അർദ്ധരാത്രിക്കു കുട പിടിക്കും.
(പുതുമടിശ്ശീലക്കാർ കൂടുതൽ അഹങ്കരിക്കും)
3.ഇരയിട്ടു മീൻ പിടിക്കുക.
( ചെറിയ ഒരു സഹായം ചെയ്തിട്ട് വലിയ
നേട്ടങ്ങൾ കൈവരിക്കുക)
4.തോളിലിരുന്ന് ചെവി തിന്നുക.
(സഹായിച്ചവർക്ക് ഉപദ്രവങ്ങൾ ചെയ്യുക)
5.കണ്ണിൽ മണ്ണിടുക.
(സൂത്രത്തിൽ മറ്റുള്ളവരെ വഞ്ചിക്കുക)
6.കാശ് കൊടുത്ത് കടിക്കുന്ന പട്ടിയെ
വാങ്ങുക

(ഇങ്ങോട്ട് ഉപദ്രവങ്ങൾ ചെയ്യുന്ന

ആളുമായി ബന്ധം സ്ഥാപിക്കുക)

7.കാലു പിടിക്കുക .( ദയനീയമായി

സഹായാഭ്യർത്ഥന നടത്തുക )

8.ഗണപതിക്കു കുറിക്കുക. (നല്ല രീതിയിൽ

ഒരു കാര്യം തുടങ്ങുക)

9.തേടിയ വള്ളി കാലിൽ ചുറ്റുക.

(അന്വേഷിച്ചു നടന്ന ആൾ പെട്ടെന്ന്

മുന്നിൽ വന്നു ചേരുക)

10.പുലിവാലു പിടിക്കുക. ( മറയത്തരം

കാണിച്ച് രക്ഷപെടാനാവാത്ത

കുഴപ്പത്തിൽ പെടുക )



കൃഷ്ണേന്ദു എസ്

9 B

# കുളിർ മഴ

ഓ തിത്തിത്താരാ തിത്തിത്തിത്തെയ്

തിത്തെയ് തക തെയ് തെയ് തോം

വേനലിന്റെ ചൂട് മാറ്റാൻ കുളിർ മഴ

പെയ്തിറങ്ങി പാട്ടു പാടി പക്ഷികളും പറന്നുയർന്നു

പുല്ലുകൾ മുളച്ചു വന്നു

പൂമ്പാറ്റകൾ പറന്നല്ലോ സൂര്യനെ മറച്ചു കൊണ്ട്

കാർമേഘംവന്നു

തുള്ളിക്കൊരു കുടം പോലെ

മഴ കോരിച്ചൊരിഞ്ഞല്ലോ വിണ്ണിൽ നിന്നു വീഴും

നക്ഷത്രം പോലെ

എല്ലാ പാഠങ്ങളിലുമായ് വിളെവെട്ടുപ്പും കഴിഞ്ഞു

പത്തായങ്ങൾ നിറയാനായ് കാത്തിരുന്നല്ലോ

ഇടിയും മിന്നലും പോയി

മഴത്തുള്ളി എങ്ങോ പോയി

കാർമേഘങ്ങൾ സൂര്യൻ പുറത്തു വന്നേ



KOSHY
8 C

# കൃഷിയുമായി ബന്ധമുള്ള കടംകഥകൾ

1.അമ്മ കല്ലിലും മുള്ളിലും ,
മകൾ കല്യാണപ്പന്തലിൽ
-വാഴ,വാഴക്കുല

2.അച്ഛൻ മുള്ളൻ ,അമ്മ മിനുമിനു, മോൾ മണിമണി -ചക്ക

3.ഉച്ചിക്കുടുമ്മൻ ചന്തക്കുപോയി
-കൈതച്ചക്ക

4.മുറ്റത്തൊരു കാള കയറിൽ കുരുങ്ങി കിടക്കുന്നു. -മത്തങ്ങ

5.മുട്ടോളം താണ് കുടചൂടി നിൽക്കുന്നു
-ചേന

# സാഹിത്യ പ്രശ്നോത്തരി

1. ആദി കാവ്യം എന്നറിയപ്പെടുന്നത് ?

രാമായണം

2. കാളിദാസകൃതികളിൽ കേരളത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഗ്രന്ഥം ഏതാണ് ?

രഘുവംശം

3. രബീന്ദ്രനാഥ ടാഗോറിന് ആദരവ് അർപ്പിച്ചു കൊണ്ട് കുമാരനാശാൻ രചിച്ച കൃതി ?

ദിവ്യകോകിലം

4. കവികുലഗുരു എന്നു വിശേഷിപ്പിക്കപ്പെടുന്നത് ?

കാളിദാസൻ

5. ലോക പുസ്തക ദിനം?

ഏപ്രിൽ23

6. കേരളത്തിലെ ആദ്യത്തെ സാഹിത്യമാസിക ?

വിദ്യാവിനോദിനി

7. കേരള വാല്മീകി എന്നറിയപ്പെടുന്നതാര് ?

വള്ളത്തോൾ നാരായണമേനോൻ

8. ഭീമൻ പ്രധാന കഥാപാത്രമാകുന്ന

എം . ടി യുടെ നോവൽ ?

രണ്ടാമൂഴം

9. ബഷീറിന്റെ ഏത് കൃതിയിലെ കഥാപാത്രമാണ് 'നാരായണി'?

മതിലുകൾ

10. കുഞ്ഞുണ്ണി മാഷിന്റെ ആത്മകഥ ?

എന്നിലൂടെ





വൈഷ്ണവി എസ്
9 D

# വാദ്യോപകരണങ്ങൾ

വാദ്യോപകരണങ്ങളെ  പ്രധാനമായും നാലായി തിരിച്ചിരിക്കുന്നു.തതം,അവനദ്ധം,ഘനം,സുഷിരം എന്നിങ്ങനെ.വാദ്യോപകരണങ്ങളെ നിർമ്മിക്കാനും വായിക്കാനും ഉപയോഗിക്കുന്ന വസ്തുക്കളെ അടിസ്ഥാനമാക്കിയാണ്  ഈ വിഭജനം.

തതവാദ്യങ്ങൾ  -വയലിൻ,തംബുരു
അവനദ്ധവാദ്യങ്ങൾ -ചെണ്ട,മദ്ദളം
ഘനവാദ്യങ്ങൾ  -ഇലത്താളം
സുഷിരവാദ്യം -ഓടക്കുഴൽ



ASIF
8 B

## നെഹ്റു ക്വിസ്

1.ജപ്പാനിലെ കുട്ടികളുടെ ആവശ്യപ്രകാരം നെഹ്റു വരുത്തി കൊടുത്ത കുട്ടിയാനയുടെ പേര്  -ഇന്ദിര

2.നെഹ്റു കൈക്കൊണ്ട വിദേശനയം -ചേരിചേരാനയം

3.ഇന്ത്യയുടെ രത്നം എന്ന് നെഹ്റു വിശേഷിപ്പിച്ച സംസ്ഥാനം -മണിപ്പൂർ

4.നെഹ്റു പ്രസിദ്ധീകരിച്ച പത്രം -നാഷണൽ ഹെറാൾഡ്

5.നെഹ്റു പുരസ്കാരം ആദ്യമായി ലഭിച്ച വനിത -മദർ തെരേസ



MUHAMMED
ZYNAL
9B

# Issac Newton

( 1642 – 1727 )

***Issac Newton was one of the greatest scientific geniuses in history. He helped the people to understand the physical forces that govern all matter, from the stars in the sky to the apples on a backyard tree.***

***Newton was born in England and educated at Trinity college Cambridge. He had invented the binomial theorem and functional calculus. He discovered the spectrum of light. He had written his "Theory of Gravitation" before he was 24. At the age of 25 Newton was elected a fellow at Trinity college where he developed his famous "Three laws of motion".***

***Newton published his famous book "Mathematical Principles of Natural Philosophy"in 1687 , in which he demonstrated the structure of the Universe, movements of the planets and calculated the mass of the sun , the planets and their moons. He also proved that the earth is not a perfect sphere but a oblate spheroid slightly flattened at the poles. His theoretical works with light and telescopes was combined into a single collection entitled 'Opticks'. Newton was one of the greatest scientists of all time.***

***Newton was knighted in 1705.***



# Proverbs

**Z**eal without knowledge is fire without light.
**Y**ou are never too old to learn.
**W**here there is a will there is a way.
**V**ows made in storms are forgotten in calms.
**U**nited we stand, Divided we fall.
**T**he pen is mightier than  the sword.
**S**uccess is a journey not the destination.
**R**ome was not built in a day.
**Q**uality is more important than quantity.
**P**revention is better than cure.
**O**ne drop of ink make a million think.
**N**ever cry over spilt milk.
**M**oney is a good servant but a bad master.
**L**earn to walk before you run.
**J**ourney of a thousand miles always begins with one step.
**I**t is never too late to mend.
**H**onesty is the best policy.
**G**reed leads to grief.
**F**ailure is the stepping-stone to success.
**E**very good friend once was a stranger.
**D**arkness never drive out darkness.
**C**leanliness is next to godliness.
**B**eauty is in the eye of the beholder.
**A** bad workman always blames his tools.

# നന്ദി

അങ്കുരം എന്ന ഈ മാഗസീൻ
തയ്യാറാക്കാൻ സഹായിച്ച എല്ലാവർക്കും നന്ദി

– ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

ഗവ. എച്ച് .എസ് . എസ് തഴവ